# <u>മലയാളം ടൈപ്പിങ്ങ് -- കീബോർഡ് ലേ ഔട്ട്</u>

മലയാളം ടൈപ്പു ചെയ്യാൻ ശീലിക്കുന്നത് UP, ഹൈസ്കൂൾ തലങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പാഠമാണ്. ഈ പാഠ പുസ്തകങ്ങളിലെല്ലാം തന്നെ ഇംഗ്ലീഷ് അക്ഷരങ്ങളുടെ ലേ ഔട്ടിന് സമാനമായ മലയാള കീകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനമാണ് നല്കിയിട്ടുള്ളത്. ഇത് രണ്ടു രീതിയിൽ അശാസ്ത്രീയമാണ്. 1. കുട്ടികൾക്ക് ഇംഗ്ലീഷ് ടൈപ്പിങ്ങ് അറിയാം എന്ന് മുൻ നിശ്ചയം ചെയ്യുന്നു. പക്ഷേ, മലയാളം ടൈപ്പിങ്ങ് ശീലിക്കുന്നതിന് ഇംഗ്ലീഷ് ടൈപ്പിങ്ങ് അറിയണമെന്നില്ല എന്നതാണ് വാസ്തവം. 2. മലയാളം ഫിംഗറിങ്ങ് എന്ന ആശയത്തെ നിഷേധിക്കുന്നു. അതിനുവേണ്ടിയാണ് ആ പാഠം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു താനും !

ഇതിനൊരു പരിഹാരമായിത താഴെ പറയുന്ന പ്രവർത്തന ക്രമം ഒന്നു പരീക്ഷിച്ചു നോക്കുക. നിർദ്ദേശങ്ങളും മാറ്റങ്ങളും എഴുതാൻ മടിക്കുകയും അരുത്. അത് മലയാളത്തിൽ തന്നെ ആയിക്കോട്ടെ !

1. മലയാളത്തിൽ രണ്ടു തരം അക്ഷരങ്ങളുണ്ട്. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും. വ്യഞ്ജനാക്ഷരങ്ങളിൽ അഞ്ചു വർഗങ്ങളിലായി 25 അക്ഷരങ്ങളും (നമുക്ക് ആദ്യ നാലക്ഷരങ്ങൾ വീതമുള്ള വർഗങ്ങൾ പരിഗണിക്കാം) ഇവക്കു പുറമേ വർഗങ്ങളിൽ പെടാത്ത അക്ഷരങ്ങളുമുണ്ട്.
2. കീകൾ കീ ബോർഡിൽ അടുക്കിയിരിക്കുന്ന ക്രമമാണ് ലേ ഔട്ട്. ലേ ഔട്ടിന് തീർച്ചയായും ഒരു ലോജിക്കുണ്ട്. അത് ഏറ്റവും കൂടുതൽ കാണപ്പെടുന്ന അക്ഷരം ഏറ്റവും നന്നായി ഉപയോഗിക്കാവുന്ന കീയിൽ എന്നതാണ്.
3. വലതു കൈയിൽ വ്യഞ്ജനാക്ഷരങ്ങളും ഇടതു കൈയിൽ സ്വരാക്ഷരങ്ങളും എന്ന് പ്രാഥമികമായി എടുത്ത് നമുക്ക് തുടങ്ങാം.
4. മലയാളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന വ്യഞ്ജനാക്ഷരം ഏതാണ് ? -- ***ക*** അല്ലേ. തീർച്ചയായും അത് ഏറ്റവും നന്നായി ഉപയോഗിക്കാവുന്ന വിരലിൽ വേണം വരാൻ അല്ലേ ?
5. ഏറ്റവും നന്നായി ടൈപ്പിങ്ങിന് ഉപയോഗിക്കാവുന്ന വിരൽ ഏതാണ് ? ചൂണ്ടു വിരൽ ? തീർച്ചയാണോ ? നീളം കൂടിയ നടു വിരലല്ലേ അത് ? (നടു വിരലാണ് ടൈപ്പിങ്ങിലെ പോൾ ഫിംഗർ)
6. കീബോർഡിലേക്ക് നോക്കുകയില്ല എന്നു തീരുമാനിക്കുക. ഇനി താഴെ കാണുന്ന രീതിയിൽ കൈകൾ വെക്കുക.




പക്ഷേ, കൈകൾ വെച്ചത് ശരിയായാണോ എന്ന് എങ്ങനെ തീരുമാനിക്കും ? അതിനായി കീകൾ ഒന്നു തപ്പി നോക്കുക. രണ്ടു കീകളിൽ ഹമ്പുകൾ തടയുന്നുണ്ടോ ? അവയിൽ രണ്ടു ചൂണ്ടു വിരലുകളും ചേർത്തു വെക്കുക. (അപ്പോൾ ഈ ഹമ്പുകൾ എന്തിനാണ് ? ഹ, തപ്പി നോക്കാൻ തന്നെ !)

ഇനി താഴെ കാണുന്ന ലേ ഔട്ട് പരിശോധിച്ചു നോക്കുക. *വിരലുകളും - അക്ഷരങ്ങളും* എന്ന രീതിയിൽ

വേണം ഓർമ്മിക്കുവാൻ. പട്ടികയിലെ **രണ്ടാമത്തെ നിരയിൽ (Column)** വലതു കൈ കൊണ്ടു ടൈപ്പ് ചെയ്യേണ്ട എല്ലാ വ്യഞ്ജനാക്ഷരങ്ങളുമുണ്ട് എന്ന് ഓർമ്മിച്ചാൽ അക്ഷരങ്ങളെ തിരഞ്ഞു ബുദ്ധിമുട്ടേണ്ടതില്ല. രണ്ടാമത്തെ പട്ടിക ഇടതു കൈകൊണ്ടു ടൈപ്പ് ചെയ്യേണ്ട സ്വരാക്ഷരങ്ങൾക്കുള്ളതാണ് (കുറച്ച് വ്യഞ്ജനാക്ഷരങ്ങൾക്കും). കീകളുടെ കിടപ്പനുസരിച്ച് പട്ടിക വശം തിരിച്ചിട്ടിട്ടുണ്ട്.




**വലതു കൈ --- വ്യഞ്ജനാക്ഷരങ്ങൾ (പ്രധാനമായും)**

| | | | | | |
|---|---|---|---|---|---|
| വലതു നടു വിരൽ | **ക** **വർഗം** | ഗ, ഘ | | | മുകൾ നിര കീകൾ |
| | | ക, ഖ | | | നടു നിര കീകൾ |
| | **, ഷ** | , ഷ | | | താഴെ നിര കീകൾ |
| | | | | | |
| വലതു മോതിര വിരൽ | **ത** **വർഗം** | ദ, ധ | | | മുകൾ നിര കീകൾ |
| | | ത, ഥ | | | നടു നിര കീകൾ |
| | **.** | . | | | താഴെ നിര കീകൾ |
| | | | | | |
| വലതു ചെറിയ വിരൽ | **ച** **വർഗം** | ജ, ഝ | | | മുകൾ നിര കീകൾ |
| | | ച, ഛ | | | നടു നിര കീകൾ |
| | **യ, ?** | യ, ? | | | താഴെ നിര കീകൾ |
| | | | | | |
| വലതു ചെറിയ വിരൽ (നീട്ടിയാൽ) | **-, ഃ** | 0, ) | ൃ, ഋ | ZWNJ* | |
| | **ട** **വർഗം** | ഡ, ഢ | ഞ, ZWJ* | | മുകൾ നിര കീകൾ |
| | | ട, ഠ | | | നടു നിര കീകൾ |
| | **Shift Key** | | | | താഴെ നിര കീകൾ |
| | | | | | |
| വലതു ചൂണ്ടു വിരൽ | **ഹ, ങ** | ഹ, ങ | | | മുകൾ നിര കീകൾ |
| | **ര, റ** | ര, റ | | | നടു നിര കീകൾ |
| | **സ, ശ** | സ, ശ | | | താഴെ നിര കീകൾ |
| | | | | | |
| വലതു ചൂണ്ടു വിരൽ (നീട്ടിയാൽ) | **പ** **വർഗം** | ബ, ഭ | | | മുകൾ നിര കീകൾ |
| | | പ, ഫ | | | നടു നിര കീകൾ |
| | **ല, ള** | ല, ള | | | താഴെ നിര കീകൾ |

## ഇടതു കൈ -- സ്വരാക്ഷരങ്ങള്‍ (പ്രധാനമായും)

| | | | | | |
|---|---|---|---|---|---|
| മുകള്‍ നിര കീകള്‍ | ◌ാ, ആ | | | അ കാരവും ചന്ദ്രക്കലയും | ഇടതു നടു വിരല്‍ |
| നടു നിര കീകള്‍ | ◌്, അ | | | | |
| താഴെ നിര കീകള്‍ | മ, ണ | | | മ, ണ | |
| | | | | | |
| മുകള്‍ നിര കീകള്‍ | ◌ീ, ഈ | | | ഇ കാരം | ഇടതു ചൂണ്ടു വിരല്‍ |
| നടു നിര കീകള്‍ | ◌ി, ഇ | | | | |
| താഴെ നിര കീകള്‍ | ന | | | ന | |
| | | | | | |
| മുകള്‍ നിര കീകള്‍ | ◌ൂ, ഊ | | | ഉ കാരം | ഇടതു ചൂണ്ടു വിരല്‍ (നീട്ടിയാല്‍) |
| നടു നിര കീകള്‍ | ◌ു, ഉ | | | | |
| താഴെ നിര കീകള്‍ | വ, ഴ | | | വ, ഴ | |
| | | | | | |
| മുകള്‍ നിര കീകള്‍ | ◌ൈ, ഐ | | | ഐ, ഏ | ഇടതു മോതിര വിരല്‍ |
| നടു നിര കീകള്‍ | ◌േ, ഏ | | | | |
| താഴെ നിര കീകള്‍ | ◌ം, | | | ◌ം, | |
| | | | | | |
| മുകള്‍ നിര കീകള്‍ | ◌ൗ, ഔ | | | ഔ, ഓ, എ | ഇടതു ചെറിയ വിരല്‍ |
| നടു നിര കീകള്‍ | ◌ോ, ഓ | | | | |
| താഴെ നിര കീകള്‍ | ◌െ, എ | | | | |
| | | | | | |
| | ◌ൊ, ഒ | | | ഒ | ഇടതു ചെറിയ വിരല്‍ (നീട്ടിയാല്‍) |
| മുകള്‍ നിര കീകള്‍ | Tab | | | | |
| നടു നിര കീകള്‍ | | Caps Lock | | | |
| താഴെ നിര കീകള്‍ | | | Shift Key | | |

ZWJ – Zero Width Jointer (ന + ◌് + ZWJ = ന്‍)

ZWNJ – Zero Width Non – Jointer (സോഫ്റ്റ് +ZWNJ + വേര്‍ = സോഫ്റ്റ്‌വേര്‍ , ഇല്ലെങ്കില്‍ ഇത് സോഫ്റ്റ്വേര്‍ എന്നായിരിക്കും)

-- പ്രദീപ് കുമാര്‍ മാട്ടര